DESPATCHED 14/2/22

09/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർCP.No.1148(5)/19/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 21617/SIC-G7/2019**

ഉത്തരവ് തീയതി: 09.12.2021

**സന്നിഹിത**

**ശ്രീമതിശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ബി.രവീന്ദ്രൻ,<br>രാഹുൽ നിവാസ്,പൂകൈത, വടകോട്,<br>പെരുമ്പഴുതൂർ.പി.ഒ.,നെയ്യാറ്റിൻകര – 695 126. | പരാതിഹർജിക്കാരൻ |
| Vs | |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>മൈനിംഗ്&ജിയോളജി, ജില്ലാഓഫീസ്,<br>പട്ടം, കേശവദാസപുരം,തിരുവനന്തപുരം. | എതിർകക്ഷി |

## ഉത്തരവ്

പരാതിക്കാരൻ 13.11.2019 തീയതി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ടിയാൻ 30.09.2019 തീയതി മൈനിംഗ് അൻഡ് ജിയോളജി ഡിസ്ട്രിക്ട് ഓഫീസിൽ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടിയുമായി ബന്ധപ്പെട്ട് 6 വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. യിൽ നിന്ന് മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ എതിർകക്ഷിയും പരാതിക്കാരനും പങ്കെടുത്തിരുന്നു.

3. 13.11.2019 തീയതി നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നാളിതുവരെ ഒരു മറുപടിയും നൽകിയിട്ടില്ലെന്നാണ് പരാതിക്കാരൻ കമ്മീഷനെ അറിയിച്ചിട്ടുള്ളത്. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ സമർപ്പിച്ച

റിപ്പോർട്ടിലും മൊഴിയിലും അറിയിക്കുന്നത് 13.11.2019 ലെ വിവരാവകാശ അപേക്ഷ 18.11.2019 തീയതി ഓഫീസിൽ ലഭിച്ചുവെന്നും ആയതിന് 17.12.2019 തീയതി മറുപടി നൽകിയെന്നും വിവരം ലഭ്യമായിട്ടില്ല എന്ന വിവരം ഓഫീസിൽ അറിയിച്ചിരുന്നു എങ്കിൽ ഒരിക്കൽകൂടി മറുപടി അയച്ചു നൽകുമായിരുന്നു എന്നുമാണ്.

4. എസ്.പി.ഐ.ഒ നൽകിയ മൊഴിയിൽ അപാകതയുള്ളതായി ബോദ്ധ്യപ്പെട്ട കമ്മീഷൻ, പരാതി പരിശോധിച്ച് റിപ്പോർട്ടിന്റെ പകർപ്പ്, വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയുടെ പകർപ്പ്, ആയത് അയച്ചു നൽകിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് എന്നിവ കമ്മീഷനിലേയ്ക്ക് അയച്ചു നൽകുവാൻ വാക്കാൽ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് പ്രസ്തുതരേഖ പരിശോധിച്ചതിൽ നിന്ന് പരാതി ഹർജിക്കാരന് ഒരു മറുപടി അയച്ചു നൽകിയതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു.

5. പരാതി ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, പരാതിക്കാരന് വിവരം നൽകിയിട്ടുള്ളതായി കമ്മീഷന് ബോധ്യപ്പെട്ടു. എന്നാൽ പരാതിക്കാരന് പ്രശ്ന പരിഹാരമാണ് ആവശ്യം എന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നിരുന്നാലും ഇരുകക്ഷികൾക്കും അതിരു തർക്കമുള്ള പക്ഷം കോടതിമുഖേനയോ, റവന്യൂ അധികാരികൾ മുഖേനയോ പരിഹാരം കാണണമെന്നും മണ്ണ് ഇടിച്ചു മാറ്റണമെങ്കിൽ ജിയോളജി അധികാരികളുടെ അനുമതിപത്രം വാങ്ങണമെന്നും പരാതിക്കാരന് നിർദ്ദേശം നൽകുന്നു. വിവരം നൽകിയിട്ടുള്ള സാഹചര്യത്തിൽ എസ്.പി.ഐ.ഒ. യുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 09-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**